## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1779 4.10.2016 -ൽ മറുപടിയ്ക്ക്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിനെ (കിറ്റ്സ്) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | എ) | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസിനെ (കിറ്റ്സ്) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>1. അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനു വേണ്ടിയുള്ള കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.<br>2. United Nations World Tourism Organization ലെ Affiliate അംഗത്വം 2012-ൽ നേടുകയും, ആയതിന്റെ 2013-2015, 2015-2017 കാലയളവിലെ Asia Pacific Regional Vice President ആയി കിറ്റ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു.<br>3. United Nations World Tourism Organization ന്റെ ഓൺലൈൻ ലൈബ്രറി സൗകര്യം ലഭ്യമാക്കി.<br>4. കിറ്റ്സ് കോമ്പൗണ്ടിൽ ഹോസ്റ്റൽ ഉൾപ്പെടെ Wi-fi സൗകര്യം ഏർപ്പെടുത്തി.<br>5. കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ടൂറിസം മാനേജ്മെന്റിൽ എം.ബി.എ കോഴ്സും ബി.ബി.എ കോഴ്സും ആരംഭിച്ചു. |
| ബി) | തിരുവനന്തപുരത്ത് കിറ്റ്സ് സ്ഥിതി ചെയ്യുന്ന ഭൂമി ലാന്റ് ബാങ്കിലേക്ക് ഏറ്റെടുത്തതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി തിരികെ കിറ്റ്സിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് ഭൂമി തിരികെ കിറ്റ്സിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | 'കിറ്റ്സി' നെ ടൂറിസം യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ